# ‘ബിഷപ്പ് കുര്യാളശേരി വിശുദ്ധ ഗണത്തിലാകേണ്ടയാൾ’

ചങ്ങനാശേരി: ദൈവദാസൻ തോമസ് കുര്യാളശേരി വിശുദ്ധന്മാരുടെ ഗണത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള അർഹത നേടിക്കൊണ്ടിരിക്കുന്നതായി ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ പ്രസ്താവിച്ചു.

ബിഷപ്പ് കുര്യാളശേരിയുടെ 72-ാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് ഇന്നലെ മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന സമൂഹബലിയിൽ പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്.

ഒരാഴ്ചക്കാലമായി പള്ളിയിൽ നടത്തി വന്ന അനുസ്മരണകളുടെയും, ആരാധനകളുടെയും സമാപന ദിവസമായ ഇന്നലെ 10.30ന് നടന്ന സമൂഹബലിയിൽ ആർച്ച് ബിഷപ്പ് മുഖ്യ കാർമികത്വം വഹിച്ചു.

പിന്നീടു നടന്ന സമൂഹസദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ ആശീർവദിച്ചു.

പാരിഷ്ഹാളിൽ പല ഏറ്റുകളായി സ്ത്രീകളുൾപ്പെടെ ആയിരക്കണക്കിനു ഭക്തജനങ്ങൾ സദ്യയിൽ പങ്കെടുത്തു.

ശ്രാദ്ധാടിയന്തരത്തിനും ചരമവാർഷികാചരണത്തിനും, വികാരി ഫാ. ജോസഫ് മണലിൽ, ട്രസ്റ്റി ജേക്കബ് സെബാസ്റ്റ്യൻ, കൺവീനർ തോമസ് ജോസഫ് നെടിയകാലാപ്പറമ്പിൽ, റവ. സി. എസ്പരിത്ത്, റവ. സി. ബഞ്ചമിൻ മേരി, കെ.ടി. ചെറിയാൻ കിഴക്കേക്കുറ്റ്, സെബാസ്റ്റ്യൻ കുര്യാക്കോസ് കുറുപ്പൻപറമ്പിൽ, സി.വി. തോമസ് ചെറ്റക്കാട്. വി.പി. ദേവസ്യ വെട്ടിത്താനം, ജോബ് മാത്യു കൊല്ലവന തുടങ്ങിയവർ നേതൃത്വം നൽകി.

രാവിലെ 7.30ന് വികാരി ജനറൽ മാത്യു വെള്ളാനിക്കലിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ കുർബാനയും ധൂപപ്രാർഥനയും നടത്തി.



ബിഷപ്പ് മാർ കുര്യാളശേരിയുടെ ചരമവാർഷികദിനത്തിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന സമൂഹസദ്യ